KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.145/PR/PIC/PHQ/18 Date : 09.06.2018

**കാണാതായ 3416 ൽ 3069 പേരെയും കണ്ടെത്തി കേരള പോലീസ്**

സംസ്ഥാനത്ത് കാണാതാകുന്നവരെ സംബന്ധിച്ച പരാതികളിൽ ഇനിയും കണ്ടെത്താൻ ഉള്ളവർക്കായി അന്വേഷണം ഊർജിതമാക്കാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കി. ഇക്കഴിഞ്ഞ ജനുവരിക്ക് ശേഷം കാണാതായതായി പരാതി ലഭിച്ച 3416 പേരിൽ 3069 പേരെയും കണ്ടെത്താൻ പോലീസിനായി. ചിട്ടയോടെയും മികവോടെയുമുള്ള അന്വേഷണം നടത്താൻ കഴിഞ്ഞതാണ് ഇത്രയും പേരെ കണ്ടെത്താൻ കഴിഞ്ഞതെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. ഇതിലേയ്ക്കായി രണ്ട് എസ് പി മാരുടെ നേതൃത്വത്തിലുള്ള രണ്ട് വിദഗ്ധ സംഘങ്ങളെ നേരത്തെ തന്നെ നിയോഗിച്ചിരുന്നു. 2018 ജനുവരി ഒന്നുമുതൽ ഏപ്രിൽ 30 വരെ 3416 പേരെയാണ് കാണാതായത്. ഇതിൽ 2068 സ്ത്രീകളിൽ 1967 പേരെയും 794 പുരുഷന്മാരിൽ 583 പേരെയും 554 കുട്ടികളിൽ 519 പേരെയും കണ്ടെത്തി. കാണാതായതു സംബന്ധിച്ച പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് ഫോട്ടോയടക്കം കേരളത്തിന് അകത്തും പുറത്തുമുള്ള എല്ലാ സ്റ്റേഷനുകളിലും അറിയിക്കുകയും സൈബർ സെല്ലിന്റേയും മറ്റ് സാങ്കേതിക വിദ്യയുടേയും സഹായത്തോടെയുള്ള ഒരു കുറ്റമറ്റ അന്വേഷണം നടത്തുകയുമാണ് കേരള പോലീസ് ചെയ്യുന്നത്. പരാതി ലഭിച്ചാൽ അന്വേഷണം ഉടൻ ആരംഭിക്കുന്നതോടൊപ്പം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിലും കാലതാമസം പാടില്ലെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

*********